## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 293

26.09.2011- ൽ നൽകേണ്ടിയിരുന്നതിന്റെ
അന്തിമ മറുപടി.

# ഭവന നിർമ്മാണ പദ്ധതികൾക്കുള്ള സർക്കാർ സഹായം

| ചോദ്യം | ഉത്തരം | |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | ശ്രീ. കെ. എം. മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| | ഇടക്കാല മറുപടി | അന്തിമ മറുപടി |
| എ സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | എ ഭവന നിർമ്മാണ വകുപ്പ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന സുരക്ഷാ ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം(അത്താണി ഭവന പദ്ധതി), ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി എന്നിവയും, ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതി, പട്ടിക ജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും നടപ്പിലാക്കുന്ന ഭവന പദ്ധതി കൾ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള ഇ.എം.എസ് ഭവന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, രാജീവ് ആവാസ് | എ ഭവന നിർമ്മാണ വകുപ്പ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന സുരക്ഷാ ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം(അത്താണി ഭവന പദ്ധതി), ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി എന്നിവയും, ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതി, പട്ടിക ജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും നടപ്പിലാക്കുന്ന ഭവന പദ്ധതികൾ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള ഇ.എം.എസ് ഭവന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, രാജീവ് ആവാസ് യോജന, ബി. എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി, റവന്യു വകുപ്പിന്റെ കീഴിലുള്ള സുനാമി ഭവന പദ്ധതി മുതലായവയാണ് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ. |

| | | | | | |
|---|---|---|---|---|---|
| | | | യോജന, ബി. എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി, റവന്യു വകുപ്പിന്റെ കീഴിലുള്ള സുനാമി ഭവന പദ്ധതി മുതലായവയാണ് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ. | | |
| ബി | ഈ പദ്ധതികളിൽ ഓരോന്നിനും ലഭിക്കുന്ന സർക്കാരിന്റെ സഹായം ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ? | ബി | വിവരം ശേഖരിച്ചു വരുന്നു. | ബി | <u>സുരക്ഷാ ഭവന പദ്ധതി</u> - 1 ലക്ഷം രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് 25% അല്ലെങ്കിൽ 25,000/- രൂപ സർക്കാർ സബ്സിഡിയായി നൽകുന്നു.<br><br><u>ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി -</u> ഈ പദ്ധതിയിലെ വീടുകളുടെ പുനർ നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിനായി 75,000/-രൂപയും, പട്ടിക ജാതി/ശാരീരിക-മാനസിക വൈകല്യമുള്ളവർ എന്നിവർ അംഗങ്ങളായുള്ള കുടുംബത്തിന് 1 ലക്ഷം രൂപയും, പട്ടിക വർഗ്ഗത്തിന് 1,25,000/- രൂപയും സർക്കാർ സബ്സിഡിയായി നൽകി വരുന്നു.<br><br><u>ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം (അത്താണി ഭവന പദ്ധതി)-</u> ഈ പദ്ധതിയിലൂടെ ഇപ്പോൾ തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഫേസ് 2 ആയി തൃശ്ശൂർ കുട്ടനെല്ലൂരിൽ ഫേസ് 1 ആയും 24 ഫ്ളാറ്റുകൾ 2010-11 സാമ്പത്തിക വർഷം 250 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ചു. 2011-12 സാമ്പത്തിക വർഷം 400 ലക്ഷം രൂപ തൃശ്ശൂർ കുട്ടനെല്ലൂരിൽ ഫേസ് 2 ആയും, കോഴിക്കോട് മെഡിക്കൽകോളേജിന് സമീപവും 24 ഫ്ളാറ്റുകൾ വീതം |

നിർമ്മിച്ചു വരുന്നു.

<u>ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതി -</u>
50,000/- രൂപ ഗ്രാന്റ് നല്കുന്നു.

<u>പട്ടിക ജാതി -പട്ടിക വർഗ്ഗ വികസന</u> വകുപ്പു വഴി ഭവന നിർമ്മാണത്തിനുള്ള ധന സഹായം -2,00,000/- (രണ്ട് ലക്ഷം), 2.50,000/- (രണ്ടര ലക്ഷം) നൽകി വരുന്നു.

<u>സുനാമി ഭവന നിർമ്മാണ പദ്ധതി</u> - സർക്കാർ ഫണ്ട് ഉപയോഗിച്ച് ഭൂമി ഏറ്റെടുത്ത് ബഹു നില മന്ദിരങ്ങളായും അല്ലാതെയും നടപ്പിലാക്കി വരുന്നു.

<u>ഇ.എം.എസ് ഭവന പദ്ധതി -</u>
ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് അനുവദനീയമായ സബ്സിഡി തുക പൊതു വിഭാഗത്തിന് 75,000/- രൂപയും, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതു വിഭാഗം കുടുംബത്തിനും 1,00,000/-രൂപയും, പട്ടിക വർഗ്ഗ വിഭാഗത്തിനും ആശ്രയ കുടുംബത്തിനും 1,25,000/- -രൂപയും എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്.

S. Giri Prem Anand
Joint Secretary to Govt.
Housing Department
Govt. Secretariat, Tvpm.